**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5394 — 31.10.2016 ൽ മറുപടിക്ക്

## വൃക്കരോഗങ്ങൾ തടയുന്നതിനായി നടപടികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ജോർജ് എം. തോമസ്<br>,, സി.കൃഷ്ണൻ<br>,, കെ.കുഞ്ഞിരാമൻ<br>,, യു. ആർ. പ്രദീപ് | | ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വൃക്കരോഗങ്ങൾ വ്യാപകമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ വർദ്ധിച്ചുവരുന്ന വൃക്കരോഗങ്ങൾ തടയുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ? | (ബി) | ജില്ലാ, ജനറൽ ആശുപത്രി മുതൽ പി.എച്ച്.സി തലംവരെ വൃക്ക രോഗങ്ങൾക്ക് പ്രധാന കാരണങ്ങളായ രക്താതിസമ്മർദ്ദം, പ്രമേഹം എന്നീ ജീവിതശൈലീ രോഗങ്ങൾ കണ്ടുപിടിക്കാനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഈ രോഗങ്ങൾ നേരത്തെ കണ്ടെത്തുന്നതിലൂടെയും ചികിത്സയിലൂടെയും മറ്റ് ജീവിതശൈലീ മാറ്റങ്ങളിലൂടെയും നിയന്ത്രണവിധേയമാക്കുന്നതുവഴി ഈ രോഗികൾക്ക് വൃക്കരോഗങ്ങൾ ബാധിക്കാനുള്ള സാധ്യത കുറയുന്നു. ജില്ലാ, ജനറൽ ആശുപത്രി മുതൽ കുടുംബക്ഷേമ ഉപകേന്ദ്രംവരെ നടത്തുന്ന ക്യാമ്പുകളിലൂടെ ജീവിതശൈലി രോഗനിർണ്ണയം സംസ്ഥാന ആരോഗ്യവകുപ്പ് നടത്തിവരുന്നു. എല്ലാ ആഴ്ചയും NCD Clinics സബ്സെന്റർ തലം വരെയുള്ള സ്ഥാപനങ്ങളിലും നടത്തി വരുന്നുണ്ട്. പുറമെ ജില്ലാ, താലൂക്ക് ആശുപത്രികളിൽ സ്പെഷ്യാലിറ്റി ക്ലിനിക്കുകൾ ആരംഭിക്കുന്നതിന് പദ്ധതിയുണ്ട്. വൃക്കരോഗികളിൽ ഡയാലിസിസ് ആവശ്യമുള്ളവർക്ക് വേണ്ട ചികിത്സാ സൗകര്യങ്ങൾ 35 സ്ഥാപനങ്ങളിൽ ലഭ്യമാണ്. ഇനി വരും വർഷത്തിൽ 44 ഡയാലിസിസ് യൂണിറ്റുകൾ മാന്ദ്യവിരുദ്ധ പാക്കേജിൽനിന്നുള്ള തുക വിനിയോഗിച്ച് സ്ഥാപിക്കുവാൻ അനുമതി ലഭിച്ചിട്ടുണ്ട്.<br>ജീവിതശൈലി രോഗ പ്രതിരോധ നിയന്ത്രണമാർഗ്ഗങ്ങളെക്കുറിച്ച് സമൂഹത്തിൽ അവബോധം വളർത്തുന്ന പരിപാടികളും ആരോഗ്യ വകുപ്പ് നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ